<u>**പതിനാലാം കേരള നിയമസഭ**</u>
<u>**അഞ്ചാം സമ്മേളനം**</u>

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*387.** **12.05.2017 ൽ മറുപടിയ്ക്ക്**

## <u>ലഹരിക്കെതിരെ ശക്തമായ പ്രവർത്തനങ്ങൾ</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ്**<br>**,, കെ.മുരളീധരൻ**<br>**,, കെ.സി.ജോസഫ്**<br>**,, അൻവർ സാദത്ത്** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ലഹരിക്കെതിരെ ശക്തമായ പ്രവർത്തനങ്ങൾ നടത്താൻ എക്സൈസ് വകുപ്പ് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ; | (എ) | ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടത്തി വരുന്നു. ആയതിനുവേണ്ടി വിവിധങ്ങളായ കർമ്മ പരിപാടികളാണ് എക്സൈസ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്. സ്കൂൾ/കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകളിലൂടെ ബോധവൽക്കരണം, ആദിവാസി മേഖലകളിലെ ബോധവൽക്കരണം, ആദിവാസി മേഖലകളിലെ ആദിവാസി യുവതീ യുവാക്കൾക്ക് ബോധവൽക്കരണ ട്രെയിനിംഗ്, ജൂൺ 26 അന്താരാഷ്ട്ര മയക്കുമരുന്നു വിരുദ്ധ ദിനപരിപാടികൾ, ഒക്ടോബർ-2 ഗാന്ധിജയന്തി വാരാഘോഷത്തോടനുബന്ധിച്ചുള്ള ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവയാണ് എക്സൈസ് വകുപ്പ് മുഖാന്തിരം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പ്രധാന കർമ്മ പദ്ധതികൾ. |
| (ബി) | എന്തെല്ലാം പദ്ധതികളാണ് ഇതിനായി ഈ സർക്കാർ | (ബി) | സാമൂഹിക ക്രിയാത്മക ചുവടുവയ്പ്പുകൾ, തീരദേശ-ആദിവാസി മേഖലകളിലും, കോളനികളിലും |

| | | | |
|---|---|---|---|
| | ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | | പ്രത്യേക പ്രവർത്തനങ്ങൾ, സ്കൂൾ/കോളേജ് വിദ്യാഭ്യാസ സ്ഥാപനതല പ്രവർത്തനങ്ങൾ, വിവര വ്യാപന സംവിധാനങ്ങൾ, മദ്യവും മയക്കുമരുന്നും ഉപയോഗിച്ചു തുടങ്ങിയവരെ തിരുത്തൽ പ്രക്രിയ, നിയമവിരുദ്ധ ലഹരി ഉൽപ്പന്നങ്ങളുടെ ലഭ്യതയും വിതരണവും ഇല്ലാതാക്കൽ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, പുനരധിവാസം എന്നിവയാണ് വിമുക്തി മിഷനുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ചിട്ടുള്ള കർമ്മപദ്ധതികൾ. |
| (സി) | ഇതിനായി ജനകീയ പങ്കാളിത്തം എങ്ങനെ പ്രയോജനപ്പെടുത്തു വാനാണ് ഉദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ; | (സി) | വിവിധ തലങ്ങളിലെ ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, ലൈബ്രറി കൗൺസിൽ, മദ്യ വർജ്ജന സമിതികളടക്കമുള്ള സാമൂഹ്യ-സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ സഹകരണവും പങ്കാളിത്തവും പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശി ക്കുന്നത്. ഇതിനായി സംസ്ഥാന തലത്തിൽ ബഹു: മുഖ്യമന്ത്രി ചെയർമാനും, എക്സൈസ് വകുപ്പ് മന്ത്രി വൈസ് ചെയർമാനും, നികുതി വകുപ്പ് സെക്രട്ടറി കൺവീനറുമായി ഗവേണിംഗ് ബോഡിയും, എക്സൈസ് വകുപ്പ് മന്ത്രി ചെയർമാനും, നികുതി വകുപ്പ് സെക്രട്ടറി വൈസ്ചെയർമാനും, എക്സൈസ് കമ്മീഷണർ കൺവീനറുമായി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും, ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കോർപ്പ റേഷൻ മേയർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ |

| | | | |
|---|---|---|---|
| | | | വൈസ്ചെയർമാൻമാരായും, ജില്ലാ കളക്ടർ കൺവീനറായും എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ജോയിന്റ് കൺവീനറായും ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ മെമ്പർമാരായും ഉള്ള ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയും, ബ്ലോക്ക്/ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/പഞ്ചായത്ത്, വാർഡ്തല കമ്മിറ്റികളും രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. |
| (ഡി) | ലഹരി മാഫിയയെക്കുറിച്ച് വകുപ്പിനെ അറിയിക്കാൻ എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ലഭ്യമാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ലഹരി മാഫിയയെക്കുറിച്ച് വകുപ്പിനെ അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9061178000- വാട്ട്സ് ആപ്പ് നമ്പരും, 9447178000- മൊബൈൽ ഹെൽപ്പ് ലൈൻ നമ്പരും പ്രവർത്തിച്ചു വരുന്നു. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന 155358 എന്ന ഹോട്ട് ലൈൻ നമ്പരും പ്രവർത്തിച്ചു വരുന്നു. എക്സൈസ് വകുപ്പിന് ലഭിക്കുന്ന പരാതികളും, രഹസ്യവിവരങ്ങളും 24 മണിക്കൂറിനകം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**